LIBRARY ARCHIVES Kerala Legislative Assembly

വരുത്തുന്നതായി കണ്ടെത്തുന്ന ജലയാനങ്ങളുടെ സഞ്ചാര യോഗ്യതാ സർട്ടിഫിക്കറ്റ് മരവിപ്പിക്കുകയോ പിഴ ഈടാക്കുകയോ ചെയ്യുവരുന്നു.

## അഷ്ടമുടിക്കായൽ ടൂറിസം

338(1039) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടിക്കായൽ ടൂറിസം സംബന്ധിച്ച മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നല്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് വിഭാവന ചെയ്തിരിക്കുന്നതെന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ-ഡി) അഷ്ടമുടിക്കായൽ ടൂറിസം വികസന പദ്ധതിയുടെ കരട് രൂപരേഖ തയ്യാറായിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു. അന്തിമ മാസ്റ്റർപ്ലാൻ തയ്യാറാക്കിയ ശേഷമേ ഇതിൽ ഉൾപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

## 2015-ലെ ഓണാഘോഷ പരിപാടി

339(1040) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ ഓണാഘോഷ പരിപാടികൾക്കായി അനുവദിച്ച മൊത്തം തുക എത്രയായിരുന്നു;

(ബി) തിരുവനന്തപുരത്തെ ഓണാഘോഷ പരിപാടികൾക്കുണ്ടായ മൊത്തം ചെലവും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ; സർക്കാർ നല്കിയ തുക എത്ര; മറ്റിനങ്ങളിൽ ലഭിച്ച വരുമാനം എത്ര; ഏതെല്ലാം ഇനങ്ങളിൽ എത്ര വീതം വരുമാനം ലഭിച്ചിട്ടുണ്ട്;

(സി) ഓണാഘോഷ പരിപാടിയുടെ ആഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്ക് ആഘോഷ കമ്മിറ്റി വിളിച്ചുചേർത്ത് അവതരിപ്പിച്ചിട്ടുണ്ടോ; പരിപാടിയുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) പരിപാടിയിൽ പങ്കെടുത്തിട്ടില്ലാത്തവരുടെ പേരിലും പങ്കെടുത്തവരുടെ പേരിലും സംഘാടകർ തന്നെ പണം എഴുതി എടുത്തതായുള്ള ആക്ഷേപങ്ങൾ അന്വേഷണ വിധേയമാക്കുമോ;

(ഇ) ഓണാഘോഷ കമ്മിറ്റി ഭാരവാഹികളായ ആരുടെയെല്ലാം പേരിലാണ് ആരോപണം ഉന്നയിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2015-ലെ ഓണാഘോഷത്തിനായി സർക്കാർ രണ്ട് ശീർഷകങ്ങളിൽ നിന്നായി 1,90,00, 000 രൂപ ആകെ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരത്തെ ഓണാഘോഷ പരിപാടികൾക്കുണ്ടായ മൊത്തം ചെലവ് സംബന്ധിച്ചുള്ള വിവിധ കമ്മിറ്റികളുടെ കണക്ക് പൂർണ്ണമായും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി സമർപ്പിക്കുന്നതാണ്. സർക്കാർ ആകെ 1,90,00,000 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. 2015 ഓണാഘോഷത്തിന് മറ്റിനങ്ങളിൽ ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | ലഭിച്ച തുക |
|---|---|---|
| 1 | അമ്യൂസ്മെന്റ് | 18,00,000 |
| 2 | സ്പോൺസർഷിപ്പ് | 1,20,000 |
| 3 | ട്രേഡ് ഫെയർ & എക്സിബിഷൻ | 8,37,625 |

(സി) ഓണാഘോഷ പരിപാടിയുടെ ആഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്ക് ആഘോഷ കമ്മിറ്റി വിളിച്ചുചേർത്ത് അവതരിപ്പിക്കുന്നത് പ്രാവർത്തികമല്ലാത്തതിനാൽ, ഓണാഘോഷ കമ്മിറ്റികളുടെ എല്ലാ കണക്കുകളും ജനറൽ കൺവീനറായ ടൂറിസം വകുപ്പ് ഡയറക്ടർ അംഗീകരിച്ച് ആഡിറ്റിനായി സമർപ്പിക്കുകയാണ് ചെയ്യാറുള്ളത്. ഓണാഘോഷ പരിപാടിയുമായി ബന്ധപ്പെട്ട ക്രമക്കേടുകളും ആഴിമതിയും സംബന്ധിച്ച പത്രവാർത്തകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അത്തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കമ്മിറ്റി ഭാരവാഹികളുടെ പേരിലുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(നക്ഷത്ര ചിഹ്നമിടാത്ത 721, 769, 770, 869 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly